**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 638** **24-08-2022 - ൽ മറുപടിയ്ക്ക്**

**ജിയോളജി വകുപ്പിന്റെ അനാസ്ഥയ്ക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മൈനിങ്ങിനായുള്ള അനുമതിക്കായും മറ്റു സ്ഥലങ്ങളിൽ നിന്നും കൊണ്ടുവരുന്ന ധാതുക്കളുടെ വില്പനാനുമതിക്കായും ഗൃഹ/കെട്ടിട നിർമ്മാണങ്ങൾക്കായി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതിക്കായും ജിയോളജി വകുപ്പിൽ അപേക്ഷ നൽകി നാളുകൾ ഏറെ കഴിഞ്ഞിട്ടും അനുമതി ലഭ്യമാകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സേവനങ്ങൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കെ ജിയോളജി വകുപ്പ് ഉദ്യോഗസ്ഥരുടെ ഇത്തരം കടുത്ത അനാസ്ഥയ്ക്ക് ഒരു ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; | (എ) | മൈനിങ്ങിനായുള്ള ക്വാറിയിങ് പെർമിറ്റിനായും ധാതു വില്പന നടത്തുന്നതിനുള്ള ഡീലേഴ്സ് ലൈസൻസിനായും ജില്ലാ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി ആവശ്യമായ രേഖകൾ എല്ലാം സമർപ്പിക്കുന്ന മുറക്ക് കാലതാമസം കൂടാതെ അനുമതി നൽകി വരുന്നു. മൈനിങ്ങിനായുള്ള ക്വാറിയിങ് ലീസ് അപേക്ഷകൾ ജില്ലാ ഓഫീസിൽ നിന്നും ഡയറക്ടറേറ്റിൽ ലഭിക്കുമ്പോൾ ആയത് പരിശോധിച്ച് രേഖകളിൽ അപാകതകൾ ഇല്ലാത്ത പക്ഷം കാലതാമസം കൂടാതെ അനുമതികൾ നൽകി വരുന്നുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി 02/02/2022 തീയതിയിലെ സ.ഉ.(സാധാ) 94/2022/ഐ.ഡി നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ എല്ലാ ജില്ലാ ജിയോളജി ഓഫീസുകളിലും അദാലത്തുകൾ നടത്തി വേഗത്തിൽ പാസ്സ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകളിലെ അനുമതി നൽകുന്നതിന് ആവശ്യമായ പൂർണമായ രേഖകളുടെ അഭാവം കാലതാമസത്തിന് കാരണമാകുന്നുണ്ട്. |
| (ബി) | പാലക്കാട് ജില്ലയിലെ കുളങ്ങളിൽ നിന്ന് മണ്ണും മണലും ചെളിയും നീക്കം ചെയ്ത് പുറത്തു കൊണ്ടുപോകുന്ന ആവശ്യത്തിലേയ്ക്കായി പൊതുജനങ്ങളിൽ നിന്നും ലക്ഷക്കണക്കിന് രൂപ ഈടാക്കിയിട്ടും ആയതിന് അനുമതി നൽകാത്ത ജിയോളജി വകുപ്പിന്റെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | കുളങ്ങളിൽ മണ്ണും മണലും ചെളിയും നീക്കം ചെയ്ത് പുറത്തു കൊണ്ടുപോകുന്നതിന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ റൂൾ 104 പ്രകാരം സർക്കാരിൽ നിന്നും പ്രത്യേകാനുമതി വാങ്ങേണ്ടതുണ്ട്. റോയൽറ്റി ഈടാക്കിയ അപേക്ഷകളിൽ എല്ലാം തന്നെ ധാതു നീക്കം ചെയ്യുന്നതിനുള്ള അനുമതിയും ട്രാൻസിറ്റ് പാസ്സും പാലക്കാട് ജില്ലാ ഓഫീസിൽ നിന്നും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കോടതിയിൽ നിന്ന് വ്യക്തമായ ഉത്തരവുകൾ ലഭിച്ചാലും, ഉദ്യോഗസ്ഥർക്കെതിരെ കോടതിയെ സമീപിച്ചെന്ന കാരണത്താൽ കോടതി ഉത്തരവ് നടപ്പിലാക്കാതിരിക്കുകയും കാലതാമസം കൂടാതെ നിയമാനുസൃതം അനുമതി നൽകാവുന്ന വിഷയങ്ങളിൽ പോലും നടപടി സ്വീകരിക്കുന്നതിന് കാലതാമസം വരുത്തുകയും ചെയ്യുന്ന പ്രശ്നങ്ങളിൽ ശാശ്വത പരിഹാരം കാണാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | മനപൂർവ്വം കാലതാമസം വരുത്തുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹു. കോടതികളിൽ നിന്നും ലഭിക്കുന്ന ഉത്തരവുകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ